കേഡി ലിസ്റ്റിലുണ്ടായിരുന്നവർക്ക് പോലീസുകാരായി നിയമനം

53 (3243) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ എഴുകോൺ പോലീസ് സ്റ്റേഷനിൽ കേഡി ലിസ്റ്റിലുണ്ടായിരുന്നവർ അതേ സ്റ്റേഷനിൽ പോലീസുകാരായി വന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവരുടെ പേരു വിവരവും വിലാസവും വെളിപ്പെടുത്താമോ ;

(ബി) പോലീസ് സേനയിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിന് ഇവരുടെ പേരിൽ പോലീസ് വെരിഫിക്കേഷൻ നടത്തിയിരുന്നുവോ, ഉണ്ടെങ്കിൽ പ്രസ്തുത പോലീസ് വെരിഫിക്കേഷന്റെ വിശദവിവരം അത് അന്വേഷിച്ച പോലീസ് ഉദ്യോഗസ്ഥന്റെ പേരും പദവിയും വെളിപ്പെടുത്തുമോ ; പ്രസ്തുത പോലീസ് വെരിഫിക്കേഷനിൽ ഇവർ ഏഴുകോൺ പോലീസ് സ്റ്റേഷനിലെ കേഡിലിസ്റ്റിൽപ്പെട്ടവരാണെന്നും നിരവധി ക്രിമിനൽ കേസുകളിലും പ്രതികളായിരുന്നുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽ വസ്തു നിഷ്ഠമായ റിപ്പോർട്ട് നൽകാത്ത ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമോ ;

(ഡി) കേഡി ലിസ്റ്റിൽപ്പെട്ടവർ പോലീസ് സേനയിൽ തെരഞ്ഞെടുക്കപ്പെട്ടതും കേഡി ലിസ്റ്റിൽ ഉൾപ്പെട്ട പോലീസ് സ്റ്റേഷനിൽ തന്നെ ഡ്യൂട്ടിക്ക് വന്നതും സംബന്ധിച്ച് ഏത് തരത്തിലുള്ള അന്വേഷണമാണ് സർക്കാർ ഇതുവരെ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ടി. ജയപ്രകാശ്, ഷാജി എന്നിവർ പോലീസിൽ നിയമിക്കപ്പെടുന്നതിനു മുൻപ് എഴുകോൺ പോലീസ് സ്റ്റേഷനിൽ ഒരു ക്രൈം കേസിൽ പ്രതികളായിരുന്നു. 1994-ൽ ഇവരെ റൗഡി ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. ഇവരുടെ പേരിലുള്ള കേസ് 30-1-1997-ൽ കോടതി വെറുതെവിട്ടു. കേസ് വെറുതെ വിട്ടതിനുശേഷമാണ് ഇവർക്ക് എസ്.എ.പി. ബറ്റാലിയനിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം ലഭിച്ചത്. എസ്.എ.പി. ബറ്റാലിയനിലെ ചുമതലയുടെ ഭാഗമായി വിവിധ പോലീസ് സ്റ്റേഷനുകളുടെ കീഴിൽ ഇവരെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കാറുണ്ട്.

പോലീസ് സർവ്വീസിൽ ആശ്രിത നിയമനം ലഭിച്ച ശ്രീ. എം. പി. ദിനേശൻ

54 (3244) ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാരിൽ ജോലി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് ;

(ബി) ഇതേ വ്യവസ്ഥകളാണോ പോലീസ് സർവ്വീസിലും പ്രാബല്യത്തിലുള്ളത് വ്യത്യാസമുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽപറഞ്ഞ വ്യവസ്ഥ പ്രകാരമാണോ ഇപ്പോൾ പോലീസ് വിജിലൻസ് വിഭാഗം ഡി.എസ്.പി.യായ ശ്രീ. എം. പി. ദിനേശിന് ആദ്യമായി പോലീസ് സർവ്വീസിൽ ജോലി നൽകിയത് ; അല്ലെങ്കിൽ എന്തായിരുന്നു അദ്ദേഹത്തിന്റെ നിയമനത്തിന് ആധാരമായ മറ്റ് വ്യവസ്ഥകൾ ;

(ഡി) ഏത് തസ്തികയിലായിരുന്നു അദ്ദേഹത്തിന്റെ ആദ്യ നിയമനം ; എന്നായിരുന്നു അത് ;

(ഇ) ആദ്യ നിയമനത്തിനുശേഷം അദ്ദേഹത്തിന് പ്രമോഷനുകൾ നൽകിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം തസ്തികളിലേക്കായിരുന്നു പ്രമോഷൻ ; എന്നായിരുന്നു പ്രസ്തുത പ്രമോഷനുകൾ ;

(എഫ്) പോലീസ് സർവ്വീസിൽ ഏതെല്ലാം തസ്തികകളിൽ ശ്രീ. എം. പി. ദിനേശൻ ജോലി ചെയ്തിട്ടുണ്ട് ; അതിന്റെ കാലപരിധി വ്യക്തമാക്കാമോ ;

(ജി) ആദ്യമായി നിയമനം ലഭിക്കുമ്പോൾ അദ്ദേഹത്തിന്റെ വിദ്യാഭ്യാസ യോഗ്യതകൾ എന്തെല്ലാമായിരുന്നു ;

(എച്ച്) ഇതേ യോഗ്യതയുള്ള എത്ര പേർക്ക് ആശ്രിതർക്ക് ജോലി നൽകുന്ന വ്യവസ്ഥ പ്രകാരം പോലീസ് സർവ്വീസിൽ ജോലി നൽകിയിട്ടുണ്ട് ; അവർക്കെല്ലാം ഇതേ തസ്തികയിലായിരുന്നോ നിയമനം നൽകിയത് ; അല്ലെങ്കിൽ കാരണമെന്ത് ;

(ഐ) ശ്രീ. എം. പി. ദിനേശൻ പാലക്കാട് ഡി.വൈ.എസ്.പി. ആയി ചുമതലയേറ്റ ശേഷം, ശ്രീ.. എം. പി. ദിനേശൻ എത്ര ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അവ ഏതെല്ലാം ; ഇതിൽ എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. അവ ഏതെല്ലാം ?

ഉത്തരം

(എ) 24-5-1999, 18-11-1999 എന്നീ തീയതികളിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് സർവ്വീസിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ഇപ്പോൾ സർക്കാർ സർവ്വീസിൽ ജോലി നൽകി വരുന്നത്. (ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്)*

(ബി) മുകളിൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പോലീസ് വകുപ്പ് ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും ബാധകമാണ്.

(സി) സർക്കാർ സർവ്വീസിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിന് അന്ന് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഒരു പ്രത്യേക കേസാക്കി പരിഗണിച്ച് ശ്രീ. എം. പി. ദിനേശന് സർക്കാർ ഉത്തരവ് ആർ. റ്റി. 98/84/ആഭ്യന്തരം തീയതി 23-1-1984 പ്രകാരം പോലീസ് സർക്കിൾ ഇൻപെക്ടറായി നിയമനം നൽകി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കിൾ ഇൻസ്പെക്ടർ, 1-3-1984-ൽ ട്രെയനിംഗിനുവേണ്ടി സർവ്വീസിൽ പ്രവേശിച്ചു.

(ഇ) ഉണ്ട്. ഡി. വൈ. എസ്. പിയായി 20-2-96-ലെ ഉത്തരവ് പ്രകാരം പ്രമോഷൻ നൽകി.

(എഫ്) 1-3-1984 മുതൽ 1-8-1985 തിരുവനന്തപുരം പി.റ്റി.സിയിലും തൃശൂരിലും സി.ഐ. ട്രെയിനിംഗ് 6-11-1985 മുതൽ 26-6-1986 വരെ സി.ഐ. പൊന്നാനി, 7-7-1996 മുതൽ 26-6-1988 വരെ സി.ഐ. പാലക്കാട് 21-6-1988 മുതൽ 31-7-1991 വരെ സി.ബി.സിഐ.ഡി പാലക്കാട് 1-8-1991 മുതൽ 21-12-1991 വരെ സി.ഐ. പാലക്കാട് റൂറൽ, 1-1-1992 മുതൽ 5-2-1992 വരെ സി.ബി.സി.ഐ.ഡി. പാലക്കാട് 16-2-1992 മുതൽ 23-3-1992 വരെ സി. ഐ. പാലക്കാട് കസ്ബ 23-3-1992 മുതൽ 6-6-1995 വരെ പാലക്കാട് റൂറൽ 5-7-1995 മുതൽ 2-3-1996 വരെ സി.ബി.സി. ഐ.ഡി പാലക്കാട് 4-3-1996-ൽ ഡി.വൈ.എസ്.പിയായി പാലക്കാട് ജില്ല എസ്. ബിയിൽ ചാർജ് എടുത്തു. 22-8-1996 വരെ അവിടെ തുടരുകയും 9-9-1996 മുതൽ ഡി.വൈ.എസ്.പി വിജിലൻസ് പാലക്കാട് ആയി ജോലി നോക്കിവരികയും ചെയ്യുന്നു.

(ജി) എം. എ

(എച്ച്) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(ഐ) ശ്രീ.എം.പി. ദിനേശൻ പാലക്കാട് വിജിലൻസ് ഡി.വൈ.എസ്. പി.യായി ചാർജ്ജെടുത്തതിനുശേഷം 19 ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ പി.സി. 7/96/പാലക്കാട് എന്ന നമ്പർ കേസിലെ പ്രതിയായ ശ്രീ. ജെ. ജോൺസൺ, സ്പെഷ്യൽ റവന്യൂ ഇൻസ്പെക്ടർ, പാലക്കാട് എന്നയാളെ തൃശൂർ സ്പെഷ്യൽ കോടതി ശിക്ഷിച്ചിട്ടുണ്ട്. മറ്റു കേസുകൾ അന്വേഷണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

ശൃംഗേരി ശാരദാദേവി ക്ഷേത്രത്തിലെ കവർച്ച

55 (3245) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽശാല, കാർഷിക് ഫെർബൽ കമ്പനി, വളപ്പിലെ ശൃംഗേരി ശാരദാ ദേവി ക്ഷേത്രത്തിൽ നിന്നും തങ്ക കിരീടവും തിരുവാഭരണവും കവർച്ച ചെയ്തത് സംബന്ധിച്ച് സർക്കാരിന് എന്നാണ് പരാതി ലഭിച്ചത് ;

(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ഏത് പോലീസ് സ്റ്റേഷനിലാണ് കേസ് രജിസ്റ്റർ ചെയ്തത് ; ഏതെല്ലാം സെക്ഷൻസ് പ്രകാരമാണ് കേസ് രജിസ്ട്രർ ചെയ്തിട്ടുള്ളത് ;

(സി) ഈ കേസുമായി ബന്ധപ്പെട്ട് എത്ര പേരെ ചോദ്യം ചെയ്തിട്ടുണ്ട് ; ഇതിൽ എത്ര പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട് ; അവർ ആരെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly